**File No.TCPCTP/2014/2019-C2**

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗര ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല- വളാഞ്ചേരി നഗരസഭ- ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്- ക്രമവൽക്കരണം- ലേ-ഔട്ട് / പ്ലോട്ട് ഉപയോഗം അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകൻറെ 13/08/2019-ലെ എ 3/1746/2019 നമ്പർ കത്ത്.
2. വളാഞ്ചേരി നഗരാസഭാ സെക്രട്ടറിയുടെ 17/07/19-ലെ ടിപി1/3409/18 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2014/2019-C2 തീയതി: **24/10/2019**

---

മലപ്പുറം ജില്ലയിൽ വളാഞ്ചേരി നഗരസഭയിൽ കാട്ടിപ്പരുത്തി വില്ലേജിൽ റീസർവ്വേ നമ്പർ 132/4,132/4-4 എന്നിവയിൽ ഉൾപ്പെട്ട നിർമാണം പൂർത്തികരിച്ച Hazardous I (1) വിഭാഗത്തിൽ ഉൾപ്പെടുന്ന ഓട്ടോമൊബൈൽ വർക്ഷോപ്പ് കെട്ടിടം ക്രമവൽകരിക്കുന്നതിന് ലേ ഔട്ട് അംഗീകാരത്തിനുംപ്ലോട്ട് ഉപയോഗത്തിനുമായി പരാമർശിത കത്തുകൾ മുഖേന സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ KMBR 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ലേ ഔട്ട് /പ്ലോട്ട് ഉപയോഗം അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. വിഭാവിത നിർമ്മാണം പൂർണ്ണമായും കെ.എം.ബി.ആർ 99-നും അനുബന്ധ ഭേദഗതികൾക്കും അംഗീകാരം ലഭിച്ച ഡ്രോയിംഗ് പ്രകാരവുമാണെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.എം.ബി.ആർ. 99 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണവും ആധികാരികതയും മുനിസിപ്പൽ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്
3. ചട്ടം 59(6) പ്രകാരം അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. ചട്ടപ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷമേ പ്രസ്തുത കെട്ടിടത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാവൂ.
5. ചട്ടം 59(15)(16) പ്രകാരം മലിനജല ശുദ്ധീകരണത്തിനുള്ള പ്രത്യേകം സംവിധാനം, കെട്ടിടം മൂലം ഉണ്ടാകുന്ന മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനുള്ള പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. പ്രസ്തുത നിർമ്മാണത്തിന് ചട്ടം 59(5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങേണ്ടതാണ്.
7. സ്ഥാപനത്തിന്റെ പ്രവർത്തനംമൂലം തൊട്ടടുത്ത സ്ഥലത്തെ കുടിവെള്ള

സ്രോതസ്സുകൾ മലിനമാകില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ചട്ടം 146(4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 114/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
വളാഞ്ചേരി നഗരസഭ.

പകർപ്പ്:-

1. ഹബീബ് കോയ തങ്ങൾ, ജാഫർ സാധിഖ് & സയ്യിദ് മുഹമ്മദ് മുസ്തഫ, വലിയ ജാറത്തിങ്കൽ വീട്, കോലമംഗലം, വളാഞ്ചേരി പി.ഒ, മലപ്പുറം- 676552.
2. നഗരാസൂത്രകൻ, മലപ്പുറം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.